LIBRARY ARCHIVES Kerala Legislative Assembly

കണക്കിലെടുത്ത് കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സഹായിക്കുക എന്നതുകൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യുട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ കാലത്ത് നൂറ് കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000 രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക്ക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മുപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിന് വേണ്ടി 'മഴമിഴി' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. ലളിതകലാ അക്കാദമി കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 'നിറകേരളം' ചിത്രരചനാ പരിപാടിയിൽ 250 കലാകാരന്മാർക്ക് 20,000 രൂപ വീതം ധനസഹായവും പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട്

292(598) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ജസ്റ്റിസ് ഹേമ സമിതി റിപ്പോർട്ട് പൊതുരേഖയായി പ്രസിദ്ധീകരിക്കാൻ സാധിക്കുകയില്ലായെന്ന് വിവരാവകാശ കമ്മീഷൻ ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാത്രമല്ല ടി റിപ്പോർട്ട് കമ്മീഷൻ ഓഫ് എൻക്വയറി നിയമത്തിന്റെ പരിധിയിൽ വരുന്നതുമല്ല. ആയതിനാൽ പകർപ്പ് ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതൊക്കെ ശിപാർശകളാണ് സർക്കാർ ഇതുവരെ നടപ്പാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖേന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി

293(599) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 ബഡ്ജറ്റിൽ തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഗാലറി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2018-19 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ്സിൽ മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി നിർമ്മിക്കുന്നതിനായി ചൊക്ലി ഗ്രാമപഞ്ചായത്ത് ചൊക്ലി വില്ലേജിൽ 25 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിനോട് തൊട്ടു ചേർന്ന് കിടക്കുന്നതും അതേ സർവ്വേ നമ്പറിൽപ്പെട്ടതുമായ 50 സെന്റ് സ്ഥലം കൂടി വില കൊടുത്തു വാങ്ങുന്നതിന് 50 ലക്ഷം രൂപ അനുവദിക്കണമെന്ന ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly